## വിദ്യാർത്ഥികളിലും, രക്ഷിതാക്കളിലും സാമൂഹ്യ അവബോധം വളർത്തുന്നതിനായി എറണാകുളം റൂറൽ ജില്ല പോലീസ് സെമിനാർ സംഘടിപ്പിച്ചു.

സൈബർ കുറ്റകൃത്യങ്ങളെകുറിച്ചും പുകയില,മദ്യം മറ്റ് ലഹരി മരുന്നുകളുടെ ഉപഭോഗത്തിൻെറ ദൂഷ്യ വശങ്ങളെകുറിച്ചും ട്രാഫിക് നിയമങ്ങളെ സംബന്ധിച്ചും വിദ്യാർത്ഥികളിലും, രക്ഷിതാക്കളിലും സാമൂഹ്യ അവബോധം വളർത്തുന്നതിനായി അദ്ധ്യാപകരെയും, രക്ഷകർതൃസമിതി ഭാരവാഹികളെയും ഉൾപ്പെടുത്തി എറണാകുളം റൂറൽ ജില്ല പോലീസ് സെമിനാർ സംഘടിപ്പിച്ചു.

ആലുവയിലുള്ള ജില്ലാ പോലീസ് ഓഫീസിലെ കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ച ആലുവ സബ്ബ് ഡിവിഷൻ തല സെമിനാർ ജില്ലാ പോലീസ് മേധാവി എ.വി.ജോർജ്ജ് ഐ.പി.എസ് ഉദ്ഘാടനം ചെയ്തു. ആലുവ ഡി.വൈ.എസ്.പി വി.കെ.സനിൽകുമാർ, വടക്കേക്കര പോലീസ് ഇൻസ്പെക്ടർ മുരളി.എം.കെ, അങ്കമാലി ഇൻസ്പെക്ടർ മുഹമ്മദ് റിയാസ്, നെടുമ്പാശ്ശേരി ഇൻസ്പെക്ടർ പി.എം.ബൈജു, പിറവം പോലീസ് ഇൻസ്പെക്ടർ പി.കെ.ശിവൻകുട്ടി , റൂറൽ ജില്ലയിലെ സൈബർസൽ പോലീസ് ഉദ്യോഗസ്ഥൻ തെൽഹത്ത് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

പെരുമ്പാവൂർ അപ്പൂസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പെരുമ്പാവൂർ സബ്ബ് ഡിവിഷൻ തല സെമിനാറിൽ ജില്ലാ പോലീസ് മേധാവി എ.വി.ജോർജ്ജ്, പെരുമ്പാവൂർ ഡി.വൈ.എസ്.പി വേണു.ജി, പെരുമ്പാവൂർ പോലീസ് ഇൻസ്പെക്ടർ ബൈജു പൗലോസ്, പിറവം ഇൻസ്പെക്ടർ പി.കെ ശിവൻകുട്ടി, കുന്നത്തുനാട് ഇൻസ്പെക്ടർ ജെ.കുര്യാക്കോസ്, സൈബർസൽ പോലീസ് ഉദ്യോഗസ്ഥൻ തെൽഹത്ത് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

മൂവാറ്റുപുഴ നിർമ്മല ഓഡിറ്റോറിയത്തിൽ നടത്തിയ മൂവാറ്റുപുഴ സബ്ബ് ഡിവിഷൻ തല സെമിനാറിൽ മൂവാറ്റുപുഴ ഡി.വൈ.എസ്.പി കെ.ബിജുമോൻ, മൂവാറ്റുപുഴ പോലീസ് ഇൻസ്പെക്ടർ സി.ജയകുമാർ, കോതമംഗലം ഇൻസ്പെക്ടർ വി.ടി.ഷാജൻ, മൂവാറ്റുപുഴ ആർ.ടി.ഓഫീസിലെ എ.എം.വി.ഐ മാരായ ബെന്നി വർഗ്ഗീസ്, കെ.കെ.എൽദോസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

എറണാകുളം റൂറൽ ജില്ലയിൽപ്പെട്ട പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂളുകളിലെ പ്രധാന അദ്ധ്യാപകരും, പി.ടി.എ ഭാരവാഹികളും സെമിനാറിൽ പങ്കെടുത്തു.